**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5755** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആറ്റുകാൽ പൊങ്കാല മഹോത്സവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. കെ. ആൻസലൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റുകാൽ പൊങ്കാല മഹോത്സവം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 2025ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ കോ-ഓർഡിനേറ്റർ ആയി സബ് കളക്ടർ തിരുവനന്തപുരം ശ്രീ.ആൽഫ്രഡ്.ഒ.വി ഐ.എ.എസ് നെ ജില്ലാ കളക്ടർ നിയമിച്ചു. തിരുവനന്തപുരം നഗരസഭാ പരിധിയിലെ 30 വാർഡുകൾ ഉത്സവമേഖലയായി പ്രഖ്യാപിച്ചു. പൊങ്കാല ദിവസമായ 2025 മാർച്ച് 13 ന് തിരുവ നന്തപുരം ജില്ലയ്ക്ക് അവധി പ്രഖ്യാപിച്ചിരുന്നു. ഭക്തജനങ്ങളുടെ സുരക്ഷ കണക്കിലെടുത്തു തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലും വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിലെ വെള്ളാർ വാർഡിലും ആറ്റുകാൽ പൊങ്കാല ദിവസത്തിന്റെ തലേദിവസം വൈകുന്നേരം 6.00 മണി മുതൽ പൊങ്കാല ദിവസം വൈകുന്നേരം 6.00 മണിവരെ മദ്യനിരോധനം ജില്ലാ കളക്ടർ പ്രഖ്യാപിച്ചിരുന്നു.<br><br>വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി ബഹു.മുഖ്യമന്ത്രി, ബഹു. റവന്യൂ വകുപ്പ് മന്ത്രി, ബഹു.പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി, ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പ് മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗങ്ങൾ ചേർന്നിരുന്നു. ആറ്റുകാൽ പൊങ്കാല കോ-ഓർഡിനേറ്റർ & തിരുവനന്തപുരം സബ് കളക്ടറുടെ അധ്യക്ഷതയിലും പൊങ്കാലയുടെ സുഗമമായ നടത്തിപ്പിനായി വിവിധ യോഗങ്ങൾ ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പൊങ്കാലയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി സർക്കാരിൽ നിന്നും 2,68,67,421 രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതു പ്രകാരം ജില്ലാ കളക്ടർ വിവിധ നിർവ്വഹണ ഏജൻസികൾക്കു നിർവ്വഹണാനുമതി നൽകുകയും ചെയ്തു. ആറ്റുകാൽ |

പൊങ്കാല മഹോത്സ വത്തിലെ ആന എഴുന്നള്ളത്തുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം കൂടുകയും നാട്ടാന പരിപാലന ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് ക്ഷേത്രകമ്മിറ്റിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് 12/02/2025 തീയതി ഡെപ്യൂട്ടി മേയറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും വിവിധ വകപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കുകയുമുണ്ടായി. തുടർന്ന് 02/02/2025-ന് നഗരസഭാ മേയറുടെ അധ്യക്ഷതയിൽ വിവിധ വകപ്പുകളുമായും, സംഘടനകളുമായും തിരുവനന്തപുരം നഗരസഭയിൽ വച്ച് മീറ്റിംഗുകളും നടത്തുകയുണ്ടായി. വിവിധ വകപ്പുകൾ ഏറ്റെടുത്തു ചെയ്യേണ്ട പ്രവർത്തികളെ കുറിച്ച് വിശദമായ ചർച്ചകൾ നടത്തുകയും തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

- 01/03/2025, 06/03/2025 എന്നീ തീയതികളിൽ നഗരസഭയിലെ SPHI/PHI മാരുടെ യോഗം നടത്തുകയുണ്ടായി. അതിൽ നഗരസഭ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിശദമായി ചർച്ചകൾ നടത്തുകയുണ്ടായി.
- പൊങ്കാല പ്രദേശങ്ങൾ ഉൾപ്പെടെ എല്ലാ വാർഡുകളിലെയും പൊതു ശുചീകരണ പ്രവർത്തനങ്ങൾ നടത്തി ശുചിത്വം ഉറപ്പാക്കി.
- ഓരോ ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിനു കീഴിൽ വരുന്ന പ്രദേശങ്ങളിൽ മാലിന്യം നീക്കം ചെയ്യുന്നതിന് വേണ്ടി ആവശ്യമുള്ള ജീവനക്കാരുടെയും വാഹനങ്ങളുടെയും പട്ടിക തയ്യാറാക്കി മാപ്പ് ചെയ്തു. പ്രവർത്തനം വിജയിപ്പിക്കുന്നതിന് വേണ്ടി എല്ലാവിധ സന്നദ്ധ സംഘടനകളുടെയും യോഗം വിളിച്ചു കൂട്ടി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് കർശന നിർദ്ദേശം നൽകി.
- ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് അന്നദാനം നടത്തുന്നവർ ഉറപ്പായും Smart Trivandrum App മുഖേന രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു.
- 250 ഗ്രീൻ ആർമി വോളണ്ടിയർമാർക്ക് പരിശീലനം നൽകി ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്.
- ഓരോ സർക്കിളിലെയും ആവശ്യമായ അധികം ജീവനക്കാരെ

ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുവാൻ വേണ്ടി സർക്കിൾ / സോണൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഉത്തരവ് നൽകി.

- എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപികരിച്ച് ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വരുന്നു.
- ഹരിത പൊങ്കാല സംബന്ധിച്ച പ്രചാരണം FMറേഡിയോയിലൂടെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- പൊതുജനങ്ങൾക്ക് ബോധവൽകരണം നൽകുന്നതിനായി മൈക്ക് അനൗൺസ്മെന്റ് 05/03/2025 മുതൽ നടത്തിയിട്ടുണ്ട്.
- റെയിൽവേ സ്റ്റേഷൻ, KSRTC ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ IEC പ്രവർത്തനങ്ങൾ നടത്തി.
- പൊങ്കാലയോട് അനുബന്ധിച്ച വലിച്ചെറിയപ്പെടാനിടയുള്ള പ്ലാസ്റ്റിക് ബോട്ടിലുകൾ പ്രത്യേകമായി തന്നെ ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- പ്രൈവറ്റ് വാഹനങ്ങൾ ആവശ്യമുള്ളതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചു.
- പൊങ്കാലയ്ക്ക് ശേഷമുള്ള മാലിന്യം ശേഖരിച്ച സംസ്കരിക്കുന്നതിന് സ്ഥലം ഇല്ലാത്തതിനാൽ ജില്ല കളക്ടർക്ക് കത്ത് നൽകി സ്ഥല ലഭ്യത ഉറപ്പാക്കി.
- പൊങ്കാലയ്ക്ക് ശേഷം ചുടുകല്ല് ശേഖരിച്ച് ലൈഫ് പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന് നൽകാനുള്ള നടപടികൾ സ്വീകരിച്ചു.
- തീ പിടിത്തം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഫയർ ഫോഴ്സിന്റെ സഹായം ആവശ്യപ്പെട്ടു.
- കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടാങ്കർ ലോറികളും, 40 പ്രൈവറ്റ് ടാങ്കർ ലോറികളും സജ്ജികരിച്ചിട്ടുണ്ട്.
- 05/03/2025 മുതൽ 14/03/2025 വരെ ക്ഷേത്രപരിസരം ശുചികരണം നടത്തുന്നതിനായി 50 ജീവനക്കാരെ അധികമായി നിയോഗിച്ചു.

ഭക്ഷ്യസുരക്ഷാ വകുപ്പ് ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് സ്ക്വാഡ് രൂപീകരിച്ച് വ്യാപകമായ പരിശോധനകൾ നടത്തിയിരുന്നു. കൂടാതെ മേൽ കാലയളവിൽ ക്ഷേത്ര പരിസരത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും ആയതിലേക്ക്

| | | | |
|---|---|---|---|
| | | | ആവശ്യമായ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും പ്രത്യേകമായി നിയമിച്ചിരുന്നു. സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന് പത്രമാധ്യമങ്ങളിൽ ഉൾപ്പെടെ ഭക്ഷണം കൈകാര്യം ചെയ്യുന്നവർ പാലിക്കേണ്ട ശുചിത്വമാനദണ്ഡങ്ങൾ നൽകുകയും ലഘുലേഖകൾ തയ്യാറാക്കി വ്യാപകമായി വിതരണവും ചെയ്തിരുന്നു. സൗജന്യ അന്നദാനം നടത്തിയവർക്കുൾപ്പെടെ ഭക്ഷണം കൈകാര്യം ചെയ്തിരുന്ന മുഴുവൻ ആളുകൾക്കും ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. |
| (ബി) | പൊങ്കാലയുടെ സുഗമമായ നടത്തിപ്പിന് സുരക്ഷയും വൈദ്യസഹായവും എമർജൻസി സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടോ; | (ബി) | ഒരുക്കിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും, നഗരസഭ ആരോഗ്യ വിഭാഗത്തിൽ നിന്നും, ഡോക്ടർമാരെയും നേഴ്സുമാരെയും നിയോഗിച്ചു. |
| (സി) | ഉത്സവ ദിവസങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനകൾ വ്യാപകമാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നോ; | (സി) | നൽകിയിരുന്നു. |
| (ഡി) | പൊങ്കാല ഉത്സവം സമാപിച്ചാലുടൻ അടുപ്പുകളും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് നഗരം വൃത്തിയാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്; ഇതിനായി ഏതെല്ലാം വിഭാഗങ്ങളിലായി എത്ര ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയുമാണ് നിയോഗിച്ചിരുന്നത്; വിശദമാക്കുമോ? | (ഡി) | നഗരസഭ വാഹനം, കോൺട്രാക്ട് വാഹനം, സ്പോൺസർഷിപ്പിലൂടെ ലഭിച്ച വാഹനങ്ങൾ എന്നിവ ഉൾപ്പെടെ വലുതും ചെറുതുമായ 175ൽപരം വാഹനങ്ങൾ പൊങ്കാലയ്ക്ക് ശേഷമുള്ള മാലിന്യം ശേഖരിക്കുന്നതിന് ഉണ്ടായിരുന്നു. 3470 ശുചീകരണ തൊഴിലാളികളും അത് സൂപ്പർവൈസ് ചെയ്യുന്നതിന് ഹെൽത്ത് ഓഫിസർ, 3 ക്ലീൻ സിറ്റി മാനേജർമാർ, എന്നിവരും ഹെൽത്ത് ഇൻസ്പെക്ടർമാരുൾപ്പെടെ 130ഓളം ഉദ്യോഗസ്ഥരെയും നിയമിച്ചിരുന്നു. പൊങ്കാലയ്ക്ക് ശേഷമുള്ള മാലിന്യം പൂർണമായി നിക്കം ചെയ്തതിനു ശേഷം നഗര വീഥികൾ കഴുകി വൃത്തിയാക്കുന്നതിനുള്ള 35 Non Drinking ടാങ്കർ ലോറികളും ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ